സ.ഉ.(കൈ) നം.45/2022/RD

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

റവന്യൂ വകുപ്പ് - സർട്ടിഫിക്കറ്റുകൾ/സേവനങ്ങൾ നല്കുന്നതിനുള്ള നടപടിക്രമങ്ങൾ ലഘൂകരിക്കുന്നതിന്റെ ഭാഗമായി റവന്യൂ വകുപ്പിൽ നിന്നും നല്കുന്ന ലൊക്കേഷൻ സർട്ടിഫിക്കറ്റ്, റസിഡൻഷ്യൽ സർട്ടിഫിക്കറ്റ്, ലൈഫ് സർട്ടിഫിക്കറ്റ് എന്നിവ ഒഴിവാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

റവന്യൂ (റ്റി) വകുപ്പ്

സ.ഉ.(കൈ) നം.45/2022/RD തീയതി,തിരുവനന്തപുരം, 15-02-2022

പരാമർശം:-
1. 07.10.2021 ലെ സ.ഉ.(പി)നം..1/2021/പി.ഐ.ഇ.&എം. നമ്പർ സർക്കാർ ഉത്തരവ്
2. ചീഫ് സെക്രട്ടറിയും സെക്രട്ടറിമാരുമായി 03.01.2022 ൽ നടത്തിയ യോഗത്തിന്റെ നടപടിക്കുറിപ്പ്
3. ലാൻഡ് റവന്യൂ കമ്മീഷണറുടെ 27.12.2021 ലെ എൽ.ആർ./8299/2021/എൽ.ആർ.എ.6 നമ്പർ കത്ത്

ഉത്തരവ്

പൗരൻമാർക്ക് വിവിധ സർട്ടിഫിക്കറ്റുകൾ/ സേവനങ്ങൾ നല്കുന്നതിനുള്ള നടപടിക്രമം ലഘൂകരിക്കുന്നതു സംബന്ധിച്ച് പരാമർശം (1) ഉത്തരവ് പ്രകാരം മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിരുന്നു. വിവിധ വകുപ്പുകളിൽ നിന്ന് സേവനങ്ങൾ ലഭ്യമാക്കുന്നതിന് പൊതുജനങ്ങൾക്ക് നൽകേണ്ടി വരുന്ന സർട്ടിഫിക്കറ്റുകളുടെ എണ്ണം കുറയ്ക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് പരാമർശം (2) ലെ യോഗത്തിലും തീരുമാനം കൈക്കൊണ്ടിരുന്നു.

2. അതിന്റെ അടിസ്ഥാനത്തിൽ റവന്യൂ വകുപ്പിൽ നിന്നും നല്കുന്ന ചുവടെ പറയുന്ന സർട്ടിഫിക്കറ്റുകൾ കുറവ് ചെയ്യാവുന്നതാണെന്ന് പരാമർശം (3) പ്രകാരം ലാൻഡ് റവന്യൂ കമ്മീഷണർ ശിപാർശ ചെയ്തിരുന്നു.

i) ലൊക്കേഷൻ സർട്ടിഫിക്കറ്റ്

ബാങ്ക് ലോൺ മുതലായ വസ്തു ഈടു നല്കേണ്ടതായ ആവശ്യങ്ങൾക്കും പദ്ധതികൾക്കും പൊസഷൻ സർട്ടിഫിക്കറ്റ്, ലൊക്കേഷൻ മാപ്പ് എന്നിവയോടൊപ്പമാണ് ലൊക്കേഷൻ

സർട്ടിഫിക്കറ്റ് അനുവദിക്കാറുള്ളത്. കൈവശ സർട്ടിഫിക്കറ്റ് അനുവദിക്കുന്നതിന് യോഗ്യമായ ഒരു കൈവശ ഭൂമിയിൽ എത്തിച്ചേരുന്നതിനുള്ള മാർഗ്ഗങ്ങൾ സംബന്ധിച്ച് സ്ഥല പരിശോധന നടത്തി വാച്യ രൂപേണ രേഖപ്പെടുത്തി ലൊക്കേഷൻ സർട്ടിഫിക്കറ്റ് സാക്ഷ്യപ്പെടുത്തി നൽകുന്നു. ഇതേ കാര്യങ്ങൾ എലുകയും മറ്റും ഉൾപ്പെടെ കൈവശ സർട്ടിഫിക്കറ്റിൽ രേഖപ്പെടുത്തി നൽകാറുണ്ട്. പ്രധാന റോഡിൽ നിന്നുള്ള ദൂരം ഒരു നിശ്ചിത സ്കെയിലിൽ രേഖപ്പെടുത്തി ലൊക്കേഷൻ മാപ്പും സാക്ഷ്യപ്പെടുത്തി നൽകുന്നുണ്ട്. ആയതിനാൽ ലൊക്കേഷൻ സർട്ടിഫിക്കറ്റ് ഒഴിവാക്കി ലൊക്കേഷൻ മാപ്പിൽ ദൂര അളവുകൾ, പ്രധാന അതിരുകൾ, ടൊപ്പോഗ്രാഫിക് ചിഹ്നങ്ങൾ എന്നിവ കൂടി രേഖപ്പെടുത്തി നൽകി കൊണ്ട് ലൊക്കേഷൻ സർട്ടിഫിക്കറ്റ് നൽകുന്നത് ഒഴിവാക്കാവുന്നതാണ് .

ii) റസിഡൻഷ്യൽ സർട്ടിഫിക്കറ്റ്

ഒരു സ്ഥലത്ത് അപേക്ഷകൻ സ്ഥിരതാമാസമാണെന്ന് തെളിയിക്കുന്നതിനായി സാക്ഷ്യപ്പെടുത്തി നൽകുന്നതാണ് റസിഡൻഷ്യൽ സർട്ടിഫിക്കറ്റ്. ഇതേ സർട്ടിഫിക്കറ്റ് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ മുഖേന നൽകുന്നതിനാലും ഏതാണ്ട് സമാന സ്വഭാവമുള്ള നേറ്റിവിറ്റി / ഡൊമിസൈൽ സാക്ഷ്യപത്രങ്ങൾ റവന്യൂ വകുപ്പിൽ നിന്നും അനുവദിക്കുന്നതിനാലും റസിഡൻഷ്യൽ സർട്ടിഫിക്കറ്റ് തദ്ദേശ സ്വയം ഭരണ വകുപ്പിൽ മാത്രമായി നിജപ്പെടുത്താവുന്നതാണ്.

iii) ലൈഫ് സർട്ടിഫിക്കറ്റ്

ഒരാൾ ജീവിച്ചിരിക്കുന്നു എന്ന് സാക്ഷ്യപ്പെടുത്തി നൽകുന്നതിന് ഏത് വകുപ്പിലെയും ഗസറ്റഡ് ഉദ്യോഗസ്ഥർക്ക് നിലവിൽ അനുവാദമുള്ള സാഹചര്യത്തിൽ ലൈഫ് സർട്ടിഫിക്കറ്റ് റവന്യൂ വകുപ്പിൽ നിന്നും നൽകുന്നത് ഒഴിവാക്കാവുന്നതാണ്.

3. ലൊക്കേഷൻ സർട്ടിഫിക്കറ്റ്, റസിഡൻഷ്യൽ സർട്ടിഫിക്കറ്റ്, ലൈഫ് സർട്ടിഫിക്കറ്റ് എന്നിവ ഒഴികെ മറ്റ സർട്ടിഫിക്കറ്റുകൾ ഒന്നും തന്നെ റവന്യൂ വകുപ്പിൽ നിന്നും നൽകുന്നത് ഒഴിവാക്കാനാവാത്തതാണ് എന്നും പരാമർ ശം (3) പ്രകാരം ലാൻഡ് റവന്യൂ കമ്മീഷണർ റിപ്പോർട്ട് ചെയ്തിരുന്നു.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു.സർട്ടിഫിക്കറ്റുകൾ/ സേവനങ്ങൾ നല്കുന്നതിനുള്ള നടപടിക്രമങ്ങൾ ലഘൂകരിക്കുന്നതിന്റെ ഭാഗമായി റവന്യൂ വകുപ്പിൽ നിന്നും ലൊക്കേഷൻ സർട്ടിഫിക്കറ്റ്, റസിഡൻഷ്യൽ സർട്ടിഫിക്കറ്റ്, ലൈഫ് സർട്ടിഫിക്കറ്റ് എന്നിവ നല്കുന്നത് ഒഴിവാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു. ലൊക്കേഷൻ മാപ്പിൽ ദൂര അളവുകൾ, പ്രധാന അതിരുകൾ, ടൊപ്പോഗ്രാഫിക് ചിഹ്നങ്ങൾ എന്നിവ കൂടി രേഖപ്പെടുത്തി നൽകേണ്ടതാണ് .

ഉ.(കൈ) നം.45/2022/RD

5. ഇത് സംബന്ധിച്ച് ആവശ്യമായ ഭേദഗതികൾ ലാൻഡ് റവന്യു മാന്വൽ വാല്യം VI ൽ പിന്നീട് വരുത്തുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
മത്തായി.എൻ.വി
ജോയിൻറ് സെക്രട്ടറി

ലാൻഡ് റവന്യു കമ്മീഷണർ, തിരുവനന്തപുരം
എല്ലാ ജില്ലാ കളക്ടർമാർക്കും (ലാൻഡ് റവന്യു കമ്മീഷണർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ / ആഡിറ്റ്) കേരള, തിരുവനന്തപുരം
എല്ലാ ജില്ലാ കളക്ടർമാർക്കും (ലാൻഡ് റവന്യു കമ്മീഷണർ മുഖേന)
ഡയറക്ടർ, വിവര പൊതുജന സമ്പർക്ക വകുപ്പ് (മാധ്യമങ്ങൾക്ക് നൽകുന്നതിന്)
കരുതൽ ഫയൽ/ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം
Sindhu Beegam M.S
സെക്ഷൻ ഓഫീസർ

പകർപ്പ് :
ബഹു: റവന്യു വകുപ്പ് മന്ത്രിയുടെ പി.എസ്. ന്
ബഹു: റവന്യു വകുപ്പ് മന്ത്രിയുടെ പി.എസ്. ന്